# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.439

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതി ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ടോ; | കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതു കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന സാങ്കേതിക സഹായവും നൽകിവരുന്നുണ്ട്. ഇതിനു പുറമെ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനിക്കുകയും അതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. |
| (ബി) മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് തയ്യാറാക്കുന്ന രൂപരേഖയും അപൂർണമായ ഉള്ളടക്കവും അത് പരിഹരിക്കുന്നതിനായുള്ള നിരവധി എഴുത്തുകുത്തുകളും കാരണം പദ്ധതി നടപ്പിലാക്കുന്നതിന് വളരെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഉണ്ട്, ആയത് പരിഹരിക്കുന്നതിലേക്കാണ് കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നത്. |

| | |
|---|---|
| (സി) കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് രൂപരേഖയും പ്രവൃത്തികളും നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ; അതിനു ശേഷവും തെറ്റുകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതു കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. നടപടി എടുക്കുന്നതുമായി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടത് അതാത് വകുപ്പുകളാണ് . |

**ജോയിന്റ് സെക്രട്ടറി**